DESPATCHED
On..26/02/2020

10.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 564(2)/2019**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5166**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ആദർശ് എസ്.കെ.,
നത്തന്റെഴികത്തു ശ്രീവിലാസ്,
മാമ്പള്ളിക്കുന്നം, ചാത്തന്നൂർ പി.ഒ.,
കൊല്ലം, പിൻ – 691 572.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജോയിന്റ് ഡയറക്ടർ,
ട്രെയിനിംഗ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 695 033.

2. അപ്പീൽ അധികാരി&
അഡീഷണൽ ഡയറക്ടർ,
വ്യാവസായിക പരിശീലന വകുപ്പ് ട്രെയിനിംഗ്
ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, വികാസ്ഭവൻ,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.01.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.03.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.03.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ആദർശ് എസ്.കെ., 26.03.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 27.03.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.564(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന് അറിയിച്ചതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും ആകയാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 27.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, Adv.c3/149/18/P&ARD dt 10.08.2018ലെ സർക്കുലറിൽ 2019 കലണ്ടർ വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും 2018 സെപ്റ്റംബർ 1ന് മുമ്പായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമന അധികാരികളോടും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 27.12.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 11.01.2019ന് സമർപ്പിച്ച അപ്പീലിന് 06.05.2019ന് മറുപടി നൽകിയതായി കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 20.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോദ്ധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ലെന്നാണ് അറിയിച്ചതെങ്കിലും ടിയാൻ സമർപ്പിച്ച അപ്പീലിന്മേൽ വിവരങ്ങൾ ടാബുലർ കോളത്തിലാക്കി നൽകി

യെന്നും ഇപ്പോൾ വേക്കൻസി റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും ആകയാൽ ഹർജിക്കാരന്റെ പരാതി പരിഹരിച്ചിട്ടുണ്ടെന്നുമുള്ള ഒന്നാം എതിർകക്ഷി യുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി യിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

ജോയിന്റ് സെക്രട്ടറി (ധനകാര്യം)